പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നമ്പർ. 1462 | 16.03.2015 ലെ<br>മറുപടിക്ക് |

| | |
|---|---|
| <u>ചോദ്യം</u><br>ശ്രീ.ജി.സുധാകരൻ | <u>ഉത്തരം</u><br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

**<u>വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി</u>**

| | |
|---|---|
| എ) 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ലഭ്യമായ വിവരങ്ങൾ നല്കാമോ ; | എ)2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ട്. 2014-15 വാർഷിക പദ്ധതി വിഹിതമായ 20,000 കോടി രൂപയിൽ 2015 ജനവരി 31 വരെ 42 ശതമാനം വരുന്ന 8429 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി)2014-15 വർഷത്തെ ബഡ്ജറ്റിൽ ഫെബ്രുവരി 28 വരെ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചിലവഴിച്ച തുകയും, വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ഓരോ വകുപ്പും ചിലവഴിച്ചതെന്നും വിശദമാക്കാമോ ; | ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഫെബ്രുവരി 28 വരെ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വകയിരുത്തിയ തുകയുടെ എത്ര ശതമാന മാണ് ഓരോ വകുപ്പും ചെലവഴിച്ചതിന്റെ ലഭ്യമായ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് അനുബന്ധമായി നല്കുന്നു. |
| സി) തദ്ദേശസ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട ആകെ തുക എത്രയായിരുന്നു ; എത്ര ശതമാനം തുക 2015 ഫെബ്രുവരി 28 വരെ തദ്ദേശസ്ഥാപനങ്ങൾക്ക് നല്കുകയുണ്ടായി ; ഇതിൽ ചെലവഴിക്കപ്പെട്ട തുക എത്ര ; ശതമാനം എത്ര ; | സി) തദ്ദേശ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട ആകെ തുക 4700 കോടി രൂപയായിരുന്നു. അതിൽ 28.02.2015 വരെ 1950.70 കോടി രൂപ (42%) ചെലവഴി ച്ചിട്ടുണ്ട്. ഫെബ്രുവരി 28 വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് 3082.23 കോടി രൂപ നല്കിയിട്ടുണ്ട്. |

ഡി) സാമ്പത്തിക വർഷം അവസാനിക്കാറായത് കണക്കിലെടുത്ത് പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഡി) പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്തുന്നതിന് പ്ലാൻ സ്പേസ് സംവിധാനം ഉപയോഗിച്ച് എല്ലാ മാസവും പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുകയും ആയതിൻ പ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ തുടർ നടപടികൾക്കായി ബഹു.മുഖ്യമന്ത്രി, ബഹു.മന്ത്രിമാർ, ചീഫ് സെക്രട്ടറി എന്നിവർക്ക് കുറിപ്പ്/അർദ്ധ ഔദ്യോഗിക കത്തുകൾ വഴി എല്ലാ മാസവും അറിയിക്കുന്നുണ്ട്. കൂടാതെ 2014-15 വർഷത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിന് ഒരു യോഗം 14.01.2015 ന് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ വച്ച് ചേർന്നു. ജില്ലാ ആസൂത്രണ സമിതി ചെയർമാന്റെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി ജില്ലാതല അവലോകനയോഗം അടിയന്തിരമായി നടത്തണമെന്ന് നിർദ്ദേശിച്ചു.

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2014-15 വാർഷിക പദ്ധതി
## 28-02-2015 വരെയുള്ള നിർവ്വഹണ പുരോഗതി - വകുപ്പ് തിരിച്ച്

(രൂപ കോടിയിൽ)

| ക്രമ നമ്പർ | വകുപ്പ് | ആകെ പദ്ധതി വിഹിതം | ആകെ ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| 1 | കൃഷി | 1051.92 | 660.77 | 62.82 |
| 2 | മൃഗസംരക്ഷണം | 365.16 | 208.06 | 56.98 |
| 3 | സഹകരണം | 87.99 | 26.47 | 30.08 |
| 4 | സാംസ്കാരികം | 72.00 | 37.72 | 52.38 |
| 5 | പരിസ്ഥിതി | 27.00 | 7.43 | 27.53 |
| 6 | ധനകാര്യം | 153.80 | 84.73 | 55.09 |
| 7 | മത്സ്യ ബന്ധനം | 264.67 | 142.51 | 53.84 |
| 8 | ഭക്ഷ്യവും പൊതുവിതരണവും | 39.16 | 5.71 | 14.59 |
| 9 | വനവും വന്യ ജീവിയും | 150.00 | 75.64 | 50.42 |
| 10 | പൊതുഭരണം | 87.63 | 19.54 | 22.30 |
| 11 | പൊതുവിദ്യാഭ്യാസം | 368.66 | 187.00 | 50.72 |
| 12 | ആരോഗ്യവും കുടുംബക്ഷേമവും | 665.12 | 427.55 | 64.28 |
| 13 | ഉന്നത വിദ്യാഭ്യാസം | 528.16 | 195.70 | 37.05 |
| 14 | ആഭ്യന്തരവും വിജിലൻസും | 131.98 | 67.82 | 51.38 |
| 15 | ഭവന നിർമ്മാണം | 45.22 | 9.51 | 21.02 |
| 16 | വിവര പൊതുജന സമ്പർക്കം | 30.00 | 13.25 | 44.18 |
| 17 | വ്യവസായവും വാണിജ്യവും | 639.15 | 163.59 | 25.59 |
| 18 | വിവര സാങ്കേതിക വിദ്യ | 313.33 | 151.62 | 48.39 |
| 19 | തൊഴിലും നൈപുണ്യവും | 430.56 | 240.11 | 55.77 |
| 20 | നിയമം | 0.70 | 0.28 | 39.36 |
| 21 | നിയമകാര്യം | 1.21 | 0.44 | 36.59 |
| 22 | തദ്ദേശസ്വയം ഭരണം | 1778.41 | 350.04 | 19.66 |
| 23 | പ്രവാസികാര്യം | 19.84 | 9.22 | 46.48 |
| 24 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം | 13.85 | 9.06 | 65.45 |
| 25 | ആസൂത്രണവും സാമ്പത്തിക കാര്യവും | 263.69 | 43.37 | 16.45 |
| 26 | തുറമുഖം | 98.69 | 26.04 | 26.39 |
| 27 | ഊർജ്ജം | 1370.04 | 742.36 | 54.19 |
| 28 | പൊതുമരാമത്ത് | 889.36 | 1193.52 | 134.20 |
| 29 | റവന്യൂ | 69.85 | 13.74 | 19.68 |
| 30 | പട്ടികജാതി | 1060.65 | 534.61 | 50.40 |
| 31 | പട്ടിക വർഗ്ഗം | 451.78 | 222.07 | 49.16 |
| 32 | ശാസ്ത്ര സാങ്കേതികം | 90.97 | 43.7 | 48.04 |
| 33 | സാമൂഹ്യ നീതി | 458.37 | 666.68 | 145.45 |
| 34 | സ്പോർട്സും യുവജനകാര്യവും | 283.15 | 218.15 | 77.04 |
| 35 | നികുതി | 13.15 | 4.92 | 37.45 |
| 36 | വിനോദ സഞ്ചാരം | 206.65 | 144.74 | 70.04 |
| 37 | ഗതാഗതം | 305.93 | 272.11 | 88.94 |
| 38 | ജലവിഭവം | 1659.23 | 648.96 | 39.11 |
| 39 | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | 4700.00 | 1950.70 | 41.50 |
| 40 | മുഖ്യ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ* | 810.99 | 0.00 | 0.00 |
| | ആകെ | 20000.00 | 9819.43 | 49.10 |

അവലംബം: പ്ലാൻ സ്പേസ്

** മുഖ്യ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾക്ക് ആദ്യം വകയിരുത്തിയ 1225 കോടിയിൽ നിന്നും 216 കോടി രൂപ ദേശീയ ഗെയിംസിനും, 150 കോടി രൂപ കൊച്ചി മെട്രോ റെയിൽ പദ്ധതിക്കും, 2.01 കോടി രൂപ തലസ്ഥാന നഗര വികസന പദ്ധതിക്കും നൽകി. ടി തുക ബന്ധപ്പെട്ട വകുപ്പുകളുടെ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(Section officer)